No. 79/2017

## സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിൽ പരിശുദ്ധ സഭയെ നയിച്ച താപസ ശ്രേഷ്ഠനായ നമ്മുടെ മുൻഗാമി ഭാഗ്യവാനായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ തിരുമനസ്സിലെ മൂന്നാം ശ്രാദ്ധപ്പെരുന്നാൾ ആ പുണ്യ പിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ 2017 മെയ് മാസം 25, 26 തീയതികളിലായി പരിശുദ്ധ സഭയുടെ പ്രധാന ചുമതലയിൽ നടത്തപ്പെടുന്നതാണ്. ഉത്തമ സന്യാസത്തിന്റെ മാതൃകയായിരുന്ന് നാല് പതിറ്റാണ്ടോളം അവിഭക്ത മലബാർ മെത്രാസനത്തിന്റെ ഇടയനായും, 5 വർഷം പരിശുദ്ധ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായും ശുശ്രൂഷ നിർവ്വഹിച്ച ആ മഹാചാര്യൻ അതിവിശുദ്ധ ജീവിതം നയിച്ച പിതാവാണ്. ശ്രുതിമധുരമായ കൂദാശാനുഷ്ഠാനങ്ങളിലൂടെ ഭക്തിജീവിതം നയിച്ച ആ പുണ്യപിതാവിനോട് പരിശുദ്ധ സഭ ഏറെ കടപ്പെട്ടിരിക്കുന്നു. നമ്മുടെ സഭാമക്കൾ എല്ലാവരും ഈ പുണ്യ പിതാവിന്റെ പെരുന്നാൾ ശുശ്രൂഷകളിൽ പ്രാർത്ഥനാപൂർവ്വം സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം സ്നേഹപൂർവ്വം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 ഏപ്രിൽ മാസം 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.